LIBRARY ARCHIVES Kerala Legislative Assembly

പിണറായിയിലെ അപ്ലയ്ഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

10 (1055) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ പ്രവർത്തിക്കുന്ന അപ്ലയ്ഡ് സയൻസ് കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പിണറായിയിൽ പ്രവർത്തിക്കുന്ന അപ്ലയ്ഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കോളേജിനുവേണ്ടി അനുവദിച്ച സ്ഥലം മണ്ണിട്ട് നികത്തിയാൽ മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സ്ഥലം മണ്ണിട്ട് നികത്താൻ അനുമതി ലഭിച്ചാലുടൻതന്നെ സ്ഥലം നികത്തി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ കോളേജുകൾ

11 (1057) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാതെ എത്ര സർക്കാർ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; ഇതിൽ പുതുതായി ആരംഭിച്ച കോളേജുകൾ എത്ര;

(ബി) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; ആകെ തസ്തികകളുടെ എണ്ണമെത്ര; ഒഴിവുള്ള തസ്തികകളുടെ കണക്ക് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പുതുതായി അനുവദിച്ച സർക്കാർ കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ?